(ബി) ഉണ്ട്.

(സി) ഇപ്പോഴത്തെ ഗതാഗതക്കുരുക്ക് താൽക്കാലികമാണ്. M.G. റോഡ് 6 വരിയാകുമ്പോൾ V.J.T. ചുറ്റിവരുന്ന വാഹനങ്ങളുടെ എണ്ണം വളരെ കുറയും ആയതിനാൽ അടിപ്പാതയുടെ മുകളിൽ ഒരു പാലത്തിന്റെ ആവശ്യം ഇല്ല.

(ഡി) സീബ്രാലൈനിനൊപ്പം സിഗ്നൽ സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

പാളയം അടിപ്പാതയുടെ നിർമ്മാണംമൂലമുണ്ടായ ഗതാഗതക്കുരുക്ക്

108 [1230] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാളയം അടിപ്പാതയുടെ നിർമ്മാണത്തിനുമാത്രമായി എത്ര രൂപ ചെലവായി എന്ന് അറിയിക്കാമോ;

(ബി) അടിപ്പാത നിർമ്മാണത്തോടെ പാളയത്തും എം.എൽ.എ. ക്വാർട്ടേഴ്സിന് മുൻപിലും ഗതാഗതക്കുരുക്ക് വർദ്ധിക്കുകയും, കാൽനട യാത്രപോലും അസാദ്ധ്യമായിരിക്കുകയും ചെയ്യുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പാളയം അടിപ്പാത തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെട്ട 42.37 കിലോമീറ്റർ റോഡ് വികസനത്തിന്റെ ഭാഗമാണ്. പാളയം അടിപ്പാതയുടെ അടങ്കൽ തുക 834 ലക്ഷം രൂപയാണ്. പണി പൂർത്തിയാക്കിയശേഷം അർദ്ധ വാർഷികമായി 17.749 കോടി രൂപ വീതം 15 വർഷത്തേക്ക് നൽകണമെന്ന കരാറിൻപ്രകാരമുള്ള തുകയിൽ ഈ തുകയും ഉൾപ്പെടുന്നു. ഈ പ്രവൃത്തികൾ B.O.T. Annuity വ്യവസ്ഥ പ്രകാരമാണ് നടപ്പിലാക്കുന്നത്.

(ബി) ഉണ്ട്. എന്നാൽ ഇപ്പോഴത്തെ ഗതാഗതക്കുരുക്കും കാൽനട യാത്രക്കാർക്കുള്ള ബുദ്ധിമുട്ടും താൽക്കാലികമാണ്. പാളയത്തെ കടക്കാരെ പുനരധിവസിപ്പിക്കുന്ന നടപടിയും എം.ജി. റോഡ് ആറ് വരിയാക്കുന്ന നടപടിയും പൂർണ്ണമാകുന്നതോടെ ഇതിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം പാളയത്തെ ഗതാഗതക്കുരുക്ക്

109 [1231] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാളയം അണ്ടർപാസ് വന്നതിനുശേഷം പാളയത്തെ ഗതാഗതക്കുരുക്ക് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൽനട യാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും തുടർ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly